# <u>അറിയിപ്പ്</u>

24/05/2025 തീയതി നടന്ന Degree Level Preliminary Examination Stage I ന് ചുവടെ പറയുന്ന കാരണങ്ങളാൽ പരീക്ഷയെഴുതാൻ സാധിക്കാതെയിരുന്ന ഉദ്യോഗാർത്ഥികൾക്ക് **<u>മതിയായ രേഖകൾ സഹിതം അവരവരുടെ പരീക്ഷാ കേന്ദ്രം ഉൾപ്പെടുന്ന ജില്ലാ PSC ഓഫീസിൽ (തിരുവനന്തപുരം ജില്ല ഒഴികെ) നേരിട്ടോ, ചുമതലപ്പെടുത്തുന്ന വ്യക്തി മുഖേനയോ നേരിട്ട് അപേക്ഷ നൽകുന്ന പക്ഷം 28/06/2025 തീയതിയിൽ നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള രണ്ടാം ഘട്ട പരീക്ഷ എഴുതുവാൻ അവസരം നൽകുന്നതാണ്.</u>** തിരുവനന്തപുരം ജില്ലയിലെ അപേക്ഷകൾ ആസ്ഥാന ഓഫീസിലെ EF വിഭാഗത്തിൽ ലഭ്യമാക്കേണ്ടതാണ്. Tappal/Email വഴി ലഭിക്കുന്ന അപേക്ഷകൾ സ്വീകരിയ്ക്കുന്നതല്ല. **<u>02/06/2025 മുതൽ 07/06/2025</u>** തീയതി വൈകുന്നേരം 05.15 മണി വരെ ലഭിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. **02/06/2025** തീയതിയ്ക്ക് മുമ്പ് നൽകിയിട്ടുള്ള അപേക്ഷകളും പരിഗണിക്കുന്നതല്ല. അപ്രകാരം അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികൾ നിഷ്കർഷിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പ്രകാരം വീണ്ടും അപേക്ഷിക്കേണ്ടതാണ്.

## <u>സ്വീകാര്യമായ കാരണങ്ങൾ ചുവടെ ചേർക്കുന്നു.</u>

1. PSC പരീക്ഷാദിവസം അംഗീകൃത സർവ്വകലാശാലകൾ/സ്ഥാപനങ്ങൾ നടത്തുന്ന പരീക്ഷയുള്ള ഉദ്യോഗാർത്ഥികൾ രണ്ട് പരീക്ഷകളുടേയും അഡ്മിഷൻ ടിക്കറ്റ് (പരീക്ഷാതീയതി തെളിയിക്കുന്നത്) ഹാജരാക്കിയാൽ സ്വീകരിക്കുന്നതാണ്.
2. ആക്സിഡന്റ് സംഭവിച്ച് ചികിൽസയിൽ ഉള്ളവർ, അസുഖബാധിതർ എന്നിവർ Admission Ticket-ന്റെ പകർപ്പ് മെഡിക്കൽ സർട്ടിഫിക്കറ്റ്, Treatment Details എന്നിവ സഹിതം അപേക്ഷിച്ചാൽ സ്വീകരിയ്ക്കുന്നതാണ്.
3. പ്രസവസംബന്ധമായ അസുഖങ്ങൾ ഉള്ളവർ Admission Ticket-ന്റെ പകർപ്പ്, മെഡിക്കൽ സർട്ടിഫിക്കറ്റ്, Treatment Details എന്നിവ സഹിതം അപേക്ഷിച്ചാൽ സ്വീകരിയ്ക്കുന്നതാണ്.
4. Pregnancy സംബന്ധിച്ച കേസുകളിൽ പരീക്ഷയോടു അടുത്ത ദിവസങ്ങളിൽ delivery പ്രതീക്ഷിച്ച ഉദ്യോഗാർത്ഥികൾ, പരീക്ഷാ ദിവസങ്ങളിൽ യാത്ര ചെയ്യുവാൻ ബുദ്ധിമുട്ട് ഉണ്ടായിരുന്നവർ , rest ആവശ്യമുണ്ടായിരുന്ന ഉദ്യോഗാർത്ഥികൾ എന്നിവർ Medical Certificate, Treatment Details, Admission Ticket-ന്റെ പകർപ്പ് എന്നിവ എന്നിവ സഹിതം അപേക്ഷിച്ചാൽ സ്വീകരിയ്ക്കുന്നതാണ്.
5. പരീക്ഷാ ദിവസം സ്വന്തം വിവാഹം നടന്ന ഉദ്യോഗാർത്ഥികൾ തെളിവുസഹിതം അപേക്ഷിച്ചാൽ സ്വീകരിയ്ക്കുന്നതാണ്.
6. ഏറ്റവും അടുത്ത ബന്ധുക്കളുടെ മരണം കാരണം പരീക്ഷ എഴുതാൻ കഴിയാത്തവർ രേഖകൾ സഹിതം അപേക്ഷിച്ചാൽ സ്വീകരിക്കുന്നതാണ്.